LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി സഹകരണ സംഘങ്ങൾ

48(5495) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ശ്രീകണ്ഠാപുരം പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ സി 1072 എന്ന പേരിൽ ഒരു സഹകരണ സംഘം പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വർഷങ്ങളായി പ്രവർത്തിക്കാതെ കിടക്കുന്ന സംഘങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

മറ്റു സഹകരണ സംഘങ്ങൾ ഇല്ല.

(സി) പ്രസ്തുത സംഘങ്ങളെ പ്രവർത്തനസജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിഷ്ക്രിയ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 'പുനർജ്ജനി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത് സഹകരണ വകുപ്പിന്റെ പരിഗണനയിലാണ്.

പട്ടികജാതി വിഭാഗക്കാർക്ക് പട്ടയം

49(5496) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര വാർഡിൽ 1991-92 കാലഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്കായി പട്ടികജാതി വികസനവകുപ്പ് മുഖേന ആവിഷ്കരിച്ച പദ്ധതിപ്രകാരം പട്ടികജാതി വിഭാഗത്തിലെ ഒൻപത് പേർക്ക് ഭൂമിയും സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് വീടും നൽകിയെങ്കിലും നാളിതുവരെ ഇവർക്ക് പട്ടയം ലഭ്യമാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?